## 9

# സഭയും ക്രൂശും

പുതിയ നിയമ ആശയം ആയ ക്രിസ്തു നമ്മുടെ പാപങ്ങൾക്കു മറുവില കൊടുത്തു എന്നതു പരിചയമുള്ളവർ "ക്രൂശ് കൂടാതെ ക്രിസ്തുവും ക്രിസ്തു കൂടാതെ ക്രൂശും പാപികളെ രക്ഷിപ്പാൻ ശക്തിരഹിതമാകുമെന്നു" സമ്മതിക്കും. എങ്ങനെയായാലും, സുവിശേഷത്തിലെ സുവാർത്ത, ക്രിസ്തു എന്ന ദൈവത്താൽ അഭിഷിക്തൻ, അവന്റെ ഭൗതിക ജീവൻ ക്രൂശിൽ പാപികൾക്കായി കൊടുത്തു (1 കൊരിന്ത്യർ 15:3).

ബൈബിളിലെ സംഭവങ്ങളുടെ ഹൃദയഭാഗം ദൈവപുത്രൻ മനുഷ്യർക്കായി അനുഷ്ഠിച്ച യാഗമായിരുന്നു. പഴയനിയമ നാളുകളിലെ, പ്രവചനങ്ങളും, പുതിയ നിയമ പേജുകളിലെ ചരിത്രവും ക്രിസ്തുവിന്റെ രക്തം ഒഴുകുന്നതോടെ, യാഥാർത്ഥ്യമാകുന്നു. ഹെൻറി സി. തൈസെൻ പറയുന്നതു യേശുവിന്റെ ജീവിതത്തിലെ അവസാനത്തെ മൂന്നു ദിവസങ്ങളിലെ സംഭവം വിവരിക്കുന്നതാണ് സുവിശേഷങ്ങളിൽ അഞ്ചിൽ - ഒരു ഭാഗം. അവന്റെ മരണത്തെപോലെ വിശദമായി മൂന്നു - മൂന്നരവർഷത്തെ അവന്റെ പരസ്യശുശ്രൂഷയും വിശദീകരിക്കയാണെങ്കിൽ, സുവിശേഷങ്ങൾ 8,400 പേജോളം ദൈർഘ്യമാക്കേണ്ടിവരും.[1] ആർ.എ.റ്റോറേ കണക്കാക്കിയത് പുതിയ നിയമത്തിലെ 53 വാക്യങ്ങളിൽ 1 എന്ന കണക്കിനു ക്രിസ്തുവിന്റെ മരണം സൂചിപ്പിക്കുന്നു.[2] ലോകത്തിൽ ക്രിസ്ത്യാനിത്വം എന്ന ഏക മതം മാത്രമാണ് പാപത്തിനു ദൈവികയാഗവും മരിച്ചവരിൽ നിന്നുള്ള ഉയിർത്തെഴുന്നേൽപ്പും കേന്ദ്രമാക്കിയിരിക്കുന്നത്.

പാപം, പാപികൾ, കുറ്റവും അധാർമ്മികതയും, കഷ്ടതയും വേർപാടും നിറഞ്ഞ ലോകത്തിൽ, ക്രൂശ് *ദൈവത്തിന്റെ രക്ഷക്കുള്ള*

*ശക്തിയാണ്*; ലോകത്തിന്റെ അവസാന പ്രശ്നത്തിലുള്ള ദൈവിക പരിഹാരമാണത്. നമ്മുടെ പാപങ്ങൾക്കുള്ള പ്രായശ്ചിത്തമാണ് അവൻ- അതായതു നാം ചെയ്ത തെറ്റുകൾക്കു വിലകൊടുത്ത് ശരിയാക്കിയത് അവനാണ്, എഴുതിയിരിക്കുന്നു: "ക്രൂശിന്റെ വചനം നശിച്ചു പോകുന്നവർക്കു ഭോഷത്വവും രക്ഷിക്കപ്പെടുന്ന നമുക്കൊ ദൈവശക്തിയും ആകുന്നു" (1 കൊരിന്ത്യർ 1:18); "അവൻ നമ്മുടെ പാപങ്ങൾക്കു പ്രായശ്ചിത്തമാകുന്നു; നമ്മുടേതിന്നു മാത്രമല്ല, സർവ്വ ലോകത്തിന്റെ പാപത്തിന്നും തന്നേ" (1 യോഹന്നാൻ 2:2).

നമ്മുടെ ആത്മിയ വിയോജിപ്പിന്റേയും, ദൈവത്തിൽ നിന്നു വേർപെട്ട് ജീവിച്ച അനൈക്യത്തിന്റേയും മദ്ധ്യത്തിൽ, *ദൈവത്തിന്റെ നിരപ്പിന്റേയും, സമാധാനത്തിന്റേയും ഉപകരണമായിരുന്നു ക്രൂശ്*. പൗലൊസ് എഴുതി, "അവൻ ക്രൂശിൽ ചൊരിഞ്ഞ രക്തം കൊണ്ട് അവൻ മുഖാന്തരം സമാധാനം ഉണ്ടാക്കി ഭൂമിയിലുള്ളതോ സ്വർഗ്ഗത്തിലുള്ളതോ സകലത്തെയും അവനെക്കൊണ്ടു തന്നോടു നിരപ്പിപ്പാനും ദൈവത്തിനു പ്രസാദം തോന്നി" (കൊലൊസ്യർ 1:20). എഫെസ്യർ 2:14-16 വരെയുള്ള വാക്യങ്ങൾ പറയുന്നു, "അവൻ നമ്മുടെ സമാധാനം, അവൻ ഇരുപക്ഷത്തേയും ഒന്നാക്കി, ചട്ടങ്ങളും കൽപനകളും എന്ന ന്യായപ്രമാണം എന്ന ശത്രുത്വം തന്റെ ജഡത്താൽ നീക്കി വേർപാടിന്റെ നടുച്ചുവർ ഇടിച്ചു കളഞ്ഞതു സമാധാനം ഉണ്ടാക്കികൊണ്ട് ... ഇരുപക്ഷത്തെയും ഏക ശരീരത്തിൽ ദൈവത്തോട് നിരപ്പിപ്പാനും തന്നേ."

എവിടെ ആത്മിയവിശപ്പും ദാഹവുമുണ്ടൊ അവിടെ *ദൈവം പൂർണ്ണമായ വീണ്ടെടുപ്പുനൽകുന്നു*. നീതിയുടെ സമ്പത്ത് ക്രൂശിന്റെ കാൽക്കൽ സൗജന്യമായി നൽകി. പൗലൊസ് പറഞ്ഞു, ഞങ്ങളോ ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെ പ്രസംഗിക്കുന്നു ... (1 കൊരിന്ത്യർ 1:23). ക്രൂശിക്കപ്പെട്ട ക്രിസ്തു "അവൻ നമുക്കു ദൈവത്തിൽ നിന്നു, ജ്ഞാനവും നീതിയും ശുദ്ധീകരണവും, വീണ്ടെടുപ്പുമായി തീർന്നു" (1 കൊരിന്ത്യർ 1:30).

ബൈബിളിലെ കേന്ദ്രസന്ദേശമായി, ക്രിസ്തുവിന്റെ ക്രൂശിന്മേൽ മുഖ്യ ഘടകമായി ചോദ്യം ചെയ്യാതെ, പരിശുദ്ധാത്മാവ് പ്രകാശം ചൊരിയുന്നു.

വീണ്ടെടുപ്പ് സത്യത്തെ സംബന്ധിച്ച മറ്റുസത്യങ്ങളോട് ഒരുമിച്ചു ക്രൂശ് യോജിപ്പിച്ചിരിക്കകൊണ്ട്, സഭ, ഒരു ഉറവയിൽ നിന്നൊഴുകുന്ന അരുവിയായി ക്രൂശിനെ കാണുന്നു, അതു സൗഖ്യദായകമായ സൂര്യരശ്മികളാണ്. ശ്രദ്ധയോടെ പുതിയനിയമം വായി

ച്ചാൽ ഇതാണ് വാസ്തവം എന്നു ഉറപ്പിക്കാൻ കഴിയും; ക്രിസ്തുവും സഭയും കൂടാതെ ക്രിസ്ത്യാനിത്വം ഇല്ല. തലയില്ലാതെ ജീവിക്കുന്ന ഒരു മനുഷ്യശരീരം ഉണ്ടാകയില്ല എന്നതു താത്വികമായ ഒരു ചിന്തയായി പറയാം. ക്രിസ്തുവിന്റെ ക്രൂശും സഭയും യോജിച്ചിരിക്കുന്ന അതിന്റെ സന്ദേശമാണ് ക്രിസ്ത്യാനിത്വത്തിന്റെ ആകർഷണീയം, അതു യോജിപ്പിച്ച് ഒരു പദ്ധതിയായിരിക്കുന്നു. നഷ്ടപ്പെട്ട മനുഷ്യർക്കുള്ള കൃപാദാനമാണത്. ഭൂമിയിലെ സകല ദേശങ്ങളിൽ നിന്നും, ദൈവം ക്രൂശ് മുഖാന്തരം ഒരു പുതിയ കുടുംബം ആകുവാൻ വിളിക്കുന്നു - ക്രിസ്തുവിൽ ഏകശരീരം - അവന്റെ തിരഞ്ഞെടുത്ത ജനം ആയിതീരുന്നു.

ഈ ചിന്ത നമുക്കു പിന്നെ തുടരാം. സഭ എങ്ങനെ ക്രൂശുമായി ബന്ധപ്പെട്ടിരിക്കുന്നു? ക്രൂശിനും സഭയ്ക്കും നമുക്ക് ഓരോരുത്തരോടും എന്തു ബന്ധമാണുള്ളത്? സഭയ്ക്കു വേണ്ടി ക്രൂശ് എന്തു ചെയ്യുന്നു?

## അതിനാൽ ഉണ്ടാക്കി

ആദ്യമായി, ക്രൂശ് സഭയെ ഉണ്ടാക്കി. പാപികളെ വീണ്ടെടുത്തതിനാലാണ് സഭ ആയി വന്നത്. ക്രൂശ് ഇല്ലെങ്കിൽ, സഭ ഉണ്ടാകുമായിരുന്നില്ല.

ഒരു വ്യക്തി ക്രിസ്തുവിലുള്ള വിശ്വാസത്താലും അനുസരണത്താലും പ്രതികരിച്ച് അവനെ രക്ഷിതാവും ദൈവപുത്രനായും അംഗീകരിക്കുമ്പോൾ, അവൻ ആ വ്യക്തിയുടെ പാപങ്ങൾ ക്രിസ്തുവിന്റെ രക്തത്താൽ കഴുകികളയുന്നു (പ്രവൃത്തികൾ 22:16). ആ കഴുകലിൽ കൂടെ അയാളെ കൂട്ടത്തിലേക്കു, രക്ഷിക്കപ്പെട്ടവരുടെ സമൂഹത്തിലേക്ക്, പുതിയ നിയമത്തിൽ പറയുന്ന സഭ എന്നു വിളിക്കുന്നു. ഇക്കാരണത്താലാണ് യേശു തന്റെ സ്വന്ത രക്തത്താൽ സമ്പാദിച്ചതാണ് സഭ എന്നു പൗലൊസ് പറഞ്ഞത്. “നിങ്ങളെത്തന്നെയും താൻ സ്വന്ത രക്തത്താൽ സമ്പാദിച്ചിരിക്കുന്ന ദൈവത്തിന്റെ സഭയെ മേയ്പാൻ പരിശുദ്ധാത്മാവു നിങ്ങളെ അദ്ധ്യക്ഷരാക്കി വെച്ച ആട്ടിൻ കൂട്ടം മുഴുവനെയും സൂക്ഷിച്ചുകൊൾവിൻ” (പ്രവൃത്തികൾ 20:28). വ്യക്തമായും, ക്രിസ്തു ക്രൂശിൽ മരിച്ചത് സഭയ്ക്കു വേണ്ടിയായിരുന്നു. പൗലൊസ് പറഞ്ഞു, “ക്രിസ്തുവും സഭയെ സ്നേഹിച്ചു തന്നെത്താൻ അവർക്കു വേണ്ടി ഏൽപിച്ചു കൊടുത്തു” (എഫെസ്യർ 5:25). യേശു മരിച്ചതിന്റെ ഉദ്ദേശം “വിളിക്ക - പ്പെട്ട” ഒരു കൂട്ടം

ജനത്തെ അവന്റെ ആത്മീയ വേലക്കായി നല്കുക എന്നതായിരുന്നു. പൗലൊസ് തിത്തൊസിനോടു പറഞ്ഞു, "അവൻ നമ്മെ സകല അധർമ്മത്തിൽ നിന്നും വീണ്ടെടുത്ത് സൽപ്രവർത്തികളിൽ ശുഷ്ക്കാന്തിയുള്ളൊരു സ്വന്ത ജനമായി തനിക്കു ശുദ്ധീകരിക്കേണ്ടതിനു, തന്നെത്താൻ നമുക്കു വേണ്ടി ഏല്പിച്ചുകൊടുത്തു" (തിത്തൊസ് 2:14).

സതേൺ ആർക്കൻസാസിലെ ഒരു സുവിശേഷയോഗം കഴിഞ്ഞ് ഒരു സ്ത്രീ ഉപദേഷ്ടാവിന്റെ അടുക്കൽ വന്ന് അസാധാരണവും, എന്നാൽ സ്പർശിക്കുന്നതുമായ ഒരു സംഭവം വിവരിച്ചു. അവൾക്കു നാലു വയസു പ്രായമായിരുന്നപ്പോൾ ടെക്സാസിലെ ഡല്ലാസിൽ താമസിച്ചിരുന്നു. അപ്പോൾ അവളുടെ കുടുംബം തിരക്കേറിയ ഹൈവേയ്ക്കടുത്തായിരുന്നു താമസം. അവരുടെ മുറ്റത്ത് കുട്ടികൾക്കു കളിക്കാൻ കുറച്ചു സ്ഥലവും ഉണ്ടായിരുന്നു. ഒരു വൈകുന്നേരം, അവളും മറ്റു അയൽക്കാരായ കുട്ടികളും ചേർന്ന് മുറ്റത്ത് പന്തു കളിച്ചുകൊണ്ടിരുന്നു. പന്ത് തെറിച്ചു റോഡിലേക്ക് പോയപ്പോൾ അവൾ മറ്റൊന്നും ശ്രദ്ധിക്കാതെ, പന്തെടുക്കാൻ ഓടി, അവൾ പന്തെടുക്കാൻ റോഡിലേക്ക് ഇറങ്ങിയപ്പോൾ, അവളുടെ ഒമ്പതുവയസുള്ള ജ്യേഷ്ഠൻ അതു കണ്ടു, ഒരു ലോറി ചീറിപാഞ്ഞുവരുന്നതും അവന്റെ ശ്രദ്ധയിൽ പെട്ടു, അവൻ ഓടിച്ചെന്ന് തന്റെ സഹോദരിയെ തള്ളി അപ്പുറത്തേക്ക് മാറ്റി. എന്നാൽ ഇതിനിടയിൽ ലോറി വന്ന് അവളുടെ സഹോദരനെ ഇടിച്ചു തെറിപ്പിച്ച് ലോറി കടന്ന് പോയി. തന്റെ ജീവൻ കൊടുത്ത് അവൻ തന്റെ സഹോദരിയുടെ ജീവൻ രക്ഷിച്ചു. ആ ലോറി ഇടിച്ച ഉടനെ തന്നെ, ആ കുട്ടി മരണമടഞ്ഞിരുന്നു.

ആ ദു:ഖ സംഭവത്തിന്റെ, വിശദാംശങ്ങൾ അവൾക്കു ഓർമ്മയില്ല എന്നവൾ പറഞ്ഞു. എന്നാൽ അവളുടെ സഹോദരന്റെ നിർജ്ജീവ ശരീരം ആംബുലൻസിൽ കയറ്റി വീട്ടുമുറ്റത്ത് ഇറക്കി വെക്കുന്നത് അവൾ ഓർക്കുന്നുണ്ട്. അവൾ അതു അഗാധമായ അനുമോദനത്തോടെ പ്രത്യേകമായ വാക്കുകളായി പറഞ്ഞു, "എന്റെ സഹോദരൻ എനിക്കു വേണ്ടി മരിച്ചു" അവൾ ഒരു വിശ്വസ്തയായ ക്രിസ്ത്യാനിയാണിപ്പോൾ, എന്നാൽ അവളുടെ ഇന്നത്തെ ജീവിതവും കർത്താവിന്റെ സഭയിലെ അവളുടെ സേവനവും അനേക വർഷങ്ങൾക്ക് മുമ്പ് അവൾക്കു വേണ്ടി ത്യാഗമായിതീർന്ന സഹോദരൻ നിമിത്തമാണെന്ന് അവൾ ഓർക്കുന്നു.

ഇതേ രീതിയിൽ, ഇതിലും ആഴമായ വിധത്തിൽ, യേശുവിന്റെ

യാഗത്താൽ സഭ ജീവിക്കുന്നു. അവന്റെ മരണത്താൽ നാം ജീവങ്കലേക്കു പ്രവേശിക്ക മാത്രമല്ല, ജീവിതം തുടരുവാനുള്ള ഉറവിടവും തുടരുന്നു; നമുക്കു വേണ്ടി അവൻ മരിച്ചതു പാപയാഗമായിതീർന്നു, നമ്മുടെ മുൻ കഴിഞ്ഞ പാപങ്ങൾക്കെല്ലാം പാപമോചനമൊരുക്കി. യേശു ഈ ഭൂമിയിൽ വന്നു നമുക്ക് ഇടയിൽ ദൈവ - മനുഷ്യനായി നടന്നു. അവന്റെ മരണത്താൽ തനിക്കു വേണ്ടി "ദൈവത്തിന്റെ സ്വന്ത ജനമാക്കി" (1 പത്രൊസ് 2:9). സിമന്റും ഇഷ്ടികയും കൊണ്ടുണ്ടാക്കിയതല്ല സഭ; അതു രക്തത്താൽ വാങ്ങിയ ആളുകളാണ്.

ക്രിസ്തുവിന്റെ യാഗത്തോട് നാം മൂന്നു വിധത്തിലാണ് പ്രതികരിക്കുന്നത്: ആദ്യമായി, ക്രിസ്തു ചെയ്തതിനെ നാം *അനുമോദിച്ചുകൊണ്ട്* ക്രൂശിനെ ആലിംഗനം ചെയ്യും. ക്രിസ്തുവിന്റെ കൃപാദാനത്തെ, വീണ്ടെടുക്കപ്പെട്ടവർ നന്ദിചെലുത്തും! ക്രിസ്തു സ്വർഗ്ഗീയ മഹിമയാൽ ധനികനായിരുന്നു; എങ്കിലും നമുക്കു വേണ്ടി അവൻ മനുഷ്യനായിതീർന്നതുകൊണ്ടു ദരിദ്രനായി, അതു അവന്റെ ദാരിദ്ര്യം മുഖാന്തരം നാം ആത്മികമായി ധനികരാകേണ്ടതിനായിരുന്നു (2 കൊരിന്ത്യർ 8:9). രണ്ടാമതായി, അവന്റെ മരണത്തിന്റെ ആനുകൂല്യം *സ്വീകരിച്ചു*കൊണ്ട് പ്രതികരിക്കണം. വാസ്തവത്തിലുള്ള അനുമോദനം ശരിയായ സ്വീകരണത്തിലേക്കു നയിക്കും. ക്രിസ്തുവിനോടുള്ള വിശ്വാസത്താലും അനുസരണത്താലും അവന്റെ മരണത്തിന്റെ ആനുകൂല്യങ്ങൾ നാം ജീവിതത്തിൽ എടുക്കുന്നു (റോമർ 6:1-4). അവൻ എല്ലാവർക്കും വേണ്ടി മരിച്ചു (എബ്രായർ 2:9), എന്നാൽ അവനെ അനുസരിക്കുന്നവർക്കു മാത്രമാണ് അവന്റെ മരണത്തിന്റെ ഗുണഫലം ലഭിക്കുന്നത് (എബ്രായർ 5:8, 9). മൂന്നാമത്, നാം *സേവന സമൃദ്ധിയോടെ* അവന്റെ യാഗത്തോട് പ്രതികരിക്കണം (1 കൊരിന്ത്യർ 15:58). അടിതൊട്ടു മുടിവരെ - ശരീരം, ആത്മാവ്, പ്രാണൻ എന്നിവയെല്ലാം ക്രിസ്തുവിന്നുള്ളതാണ് (1 കൊരിന്ത്യർ 6:19, 20). അതനുസരിച്ച്, ഈ ലോകത്തിലെ നമ്മുടെ ഇപ്പോഴത്തെ ഇടപാട്, അവൻ രൂപം ചെയ്തിരിക്കുന്നതും, നയിക്കുന്നതും, സന്തോഷിക്കുന്നതുമായ സേവനമായിരിക്കണം.

## അതിനാൽ ശുദ്ധീകരിച്ചു

രണ്ടാമത്, ക്രൂശ് തുടർച്ചയായി സഭയെ ശുദ്ധീകരിച്ചുകൊണ്ടിരിക്കുന്നു. അതിന്റെ ശുദ്ധീകരണ ശക്തി ദിവസവും ദൈവജനത്തി

ലേക്കും ദൈവജനം മുഖാന്തരവും നടക്കുന്നു. നമ്മുടെ ഭൗതിക ശരീരത്തിൽ രക്തം കൊടുക്കുവാൻ തന്റെ ജനത്തിൽ കൂടെ പ്രവർത്തിച്ചു ജീവന്റെ - ശക്തി നിലനിർത്തുന്നു.

നാം *രക്ഷിക്കപ്പെടുക* മാത്രമല്ല, എന്നാൽ നമ്മിൽ *രക്ഷ നില നിർത്തുക* കൂടെ വേണം. സഭയിൽ, പാപി യേശുക്രിസ്തുവിന്റെ സുവിശേഷം അനുസരിച്ച്, ക്രിസ്തുവിൽ ഉള്ള ദൈവകൃപയാലും ക്രിസ്തുവിന്റെ രക്തത്താലും കഴുകപ്പെട്ട് വരുമ്പോൾ സഭ വളരുന്നു. ക്രിസ്ത്യാനി വെളിച്ചത്തിൽ നടക്കുമ്പോൾ ഓരോ ദിവസവും തുടർച്ചയായി അവന്റെ രക്തത്താൽ കഴുകപ്പെട്ടു. യോഹന്നാൻ എഴുതി, "അവൻ വെളിച്ചത്തിൽ ഇരിക്കുന്നതുപോലെ നാം വെളിച്ചത്തിൽ നടക്കുന്നുവെങ്കിൽ നമുക്കു തമ്മിൽ കൂട്ടായ്മ ഉണ്ട്. അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു" (1 യോഹന്നാൻ 1:7). യോഹന്നാൻ പറയുന്നതു "ശുദ്ധീകരിക്കുന്നു" എന്നാണ്. അതു ഗ്രീക്കിൽ പൂർണ്ണ വർത്തമാനക്രിയയാണ് ഉപയോഗിച്ചിരിക്കുന്നത്, തുടർച്ചയായും സ്ഥിരമായും വർത്തമാന കാലത്തിൽ സംഭവിക്കുന്ന കഴുകലിനെ - സൂചിപ്പിക്കുന്നു.

ക്രിസ്ത്യാനി പൂർണ്ണ വ്യക്തിയല്ല, പാപം ചെയ്യുമെങ്കിലും, ഓരോ ദിവസവും പാപം കുറച്ചു ക്രിസ്തുവിൽ അയാൾ വളരുകയാണ്. *അവൻ തെറ്റില്ലാത്തവനല്ല, എന്നാൽ അവൻ കുറ്റമില്ലാത്തവനാണ്.* പാപിയുടെ ജീവിതത്തിലെ പാപത്തിനു ക്രിസ്തുവിന്റെ രക്തം മുഖാന്തരം രക്ഷ ആവശ്യമാണ്, എന്നാൽ വിശുദ്ധന്റെ ജീവിതത്തിലെ പാപത്തിനു രക്ഷ നിലനിർത്തുന്ന ക്രിസ്തുവിന്റെ രക്തത്താലുള്ള കഴുകൽ ആവശ്യമാണ്. ഈ ലോകത്തിൽ നമുക്കു പാപമോചനം ആവശ്യമില്ല എന്ന സാഹചര്യം ഒരിക്കലും ഉണ്ടാകയില്ല.

ഒരു കുട്ടി സൈക്കിൾ ഓടിക്കാൻ പഠിക്കുന്നതു കാണാൻ രസമാണ്. ഈ പുതിയ കഴിവു സിദ്ധിക്കുവാൻ ആവശ്യമായ രണ്ടു പ്രാഥമിക പ്രശ്നങ്ങൾ അവൻ നേരിടുന്നു: സൈക്കിളിൽ കയറുകയും അതിനെ ഉയർത്തി നിർത്തുകയും വേണം. സൈക്കിൾ ഓടിക്കുവാൻ പഠിക്കേണ്ടതിനു രണ്ടു കാര്യങ്ങൾ ആവശ്യമായതുപോലെ, രക്ഷക്കും രണ്ട് പടികൾ ഉള്ളതായികാണാം: ഉള്ളിലെ മനുഷ്യൻ ആദ്യമായി *ദൈവമുൻപാകെ ശരിയാകണം*, പിന്നെ അയാൾ *ദൈവമുൻപാകെ ശരിയായിത്തന്നെ വസിക്കണം.* ശരിയാകൽ ആവശ്യമാണ്, എന്നാൽ അതു ആരംഭം മാത്രമാണ്. ആദ്യം ഒരാളെ പാപിയാക്കിതീർത്തത് - അവന്റെ ജീവിതത്തിലെ പാപക്കറ - തുടർച്ചയായി അവൻ ശുദ്ധീകരിക്കപ്പെട്ടവനായില്ലെങ്കിൽ ക്രിസ്ത്യാനി

യായിതീർന്ന ശേഷവും പാപമെന്നപ്രശ്നം അവനെ ശിക്ഷക്കു വിധിച്ചേക്കാം (പ്രവൃത്തികൾ 8:22). ക്രിസ്ത്യാനിയായിതീരുന്നതിനു മുൻപ് പാപത്തിൽ നിന്നു അയാൾക്ക് രക്ഷ വേണമെന്നുണ്ടെങ്കിൽ, ക്രിസ്ത്യാനിയായി തീർന്നശേഷവും അയാൾ ചെയ്യുന്ന പാപത്തിൽ നിന്നു അയാൾക്ക് രക്ഷ ആവശ്യമില്ലേ?

"വെളിച്ചത്തിൽ നടക്കുന്നിടത്തോളം" ക്രിസ്ത്യാനി രക്ഷിക്കപ്പെട്ട അവസ്ഥയിൽ തന്നെയായിരിക്കും. അപ്പൊസ്തലനായ യോഹന്നാൻ, വെളിച്ചത്തിൽ നടക്കുന്നതിൽ ഉൾപ്പെടുന്ന രണ്ട് ആത്മിയ സ്വഭാവവിശേഷതകളെ എടുത്തു കാണിക്കുന്നു. *അതു രക്ഷക്കായി യേശുവിൽ* ആശ്രയിക്കുന്നതോടെ ആരംഭിക്കുന്നു: "അവൻ നമ്മുടെ പാപങ്ങൾക്കു പ്രായശ്ചിത്തമാകുന്നു; നമ്മുടേതിന്നു മാത്രമല്ല, സർവ്വലോകത്തിന്റെ പാപത്തിനും തന്നേ" (1 യോഹന്നാൻ 2:2). തീർച്ചയായും, രക്ഷ നമുക്കു നേടിയെടുക്കാൻ സാദ്ധ്യമല്ല (എഫെസ്യർ 2:8, 9). യേശു പറഞ്ഞു, നാം അവന്റെ മരണത്തോടു പ്രതികരിച്ചു വിശ്വസിച്ചു അനുസരിച്ചാൽ, അവൻ നമ്മെ രക്ഷിക്കും. അവൻ എന്തു ചെയ്യണമെന്നു പറഞ്ഞിരിക്കുന്നുവോ അവനിൽ ആശ്രയിച്ചു നാം അതു ചെയ്യുന്നു. നാം കാഴ്ചയാലല്ല, വിശ്വാസത്താൽ അത്രേ നടക്കുന്നത് (2 കൊരിന്ത്യർ 5:7).

വെളിച്ചത്തിൽ നടക്കുന്നതിനു *സത്യസന്ധമായി അവന്റെ ഇഷ്ടം ചെയ്യേണ്ടതുണ്ട്.* യോഹന്നാൻ എഴുതി, "നാം അവന്റെ കല്പനകളെ പ്രമാണിക്കുന്നതാകുന്നു, ദൈവത്തോടുള്ള സ്നേഹം ..." (1 യോഹന്നാൻ 5:3); "അവനെ അറിഞ്ഞിരിക്കുന്നു എന്നു പറയുകയും അവന്റെ കല്പനകളെ പ്രമാണിക്കാതിരിക്കയും; ചെയ്യുന്നവൻ കള്ളൻ ആകുന്നു; സത്യം അവനിൽ ഇല്ല" (1 യോഹന്നാൻ 2:4, 5). വെളിച്ചത്തിൽ നടക്കുക എന്നാൽ പാപത്തെ സമ്മതിക്കുക എന്നർത്ഥം (1 യോഹന്നാൻ 1:8, 10), ദൈവമുൻപാകെ നമ്മുടെ പാപം തുറന്നു സമ്മതിക്കുക. (1 യോഹന്നാൻ 1:9), നമ്മുടെ കഴിവിനനുസരിച്ചു നമ്മുടെ തെറ്റുകളെ തിരുത്തുകയും വേണം (1 യോഹന്നാൻ 2:29). അതിനർത്ഥം നാം അവൻ നടന്നതുപോലെ നടക്കേണ്ടതാണ് എന്നത്രേ (1 യോഹന്നാൻ 2:6) ആത്മാർത്ഥമായി ദൈവത്തിൽനിന്നുള്ള ദൈവശ്വാസിയ വെളിപ്പാട് പിൻപറ്റണം (2 തിമൊഥെയൊസ് 3:16).

## അതിനാൽ പൂർത്തിയാക്കി

മൂന്നാമത്, ക്രൂശ് സഭയെ നിർബന്ധിപ്പിച്ചു പ്രവർത്തിപ്പിക്കുന്നു.

സഭയുടെ ഹൃദയത്തിൽ അതു ആത്മിയ പ്രചോദനം നൽകി നാം ആരായിരിക്കണമെന്നും അവന്റെ പ്രവൃത്തിയും അവൻ ആഗ്ര ഹിക്കുന്നതുപോലെ നാം ചെയ്യണം.

ക്രിസ്ത്യാനികൾക്കു തുടർച്ചയായ ശുദ്ധീകരണവും വ്യക്തി പരമായ ശക്തിയും ആവശ്യമാണ്. ധാരാളം ഉത്തമ പ്രചോദനങ്ങൾ ക്രിസ്ത്യാനിത്വം നൽകുന്നു; സ്ഥിരമായതും ഏറ്റവും ഉയർന്നതു മായതാണ് ദൈവത്തിന്റെ കൃപ. ക്രിസ്ത്യാനികളുടെ ജീവിതത്തെ ക്രൂശ് നിയന്ത്രിക്കുന്നു. യേശു പറഞ്ഞു, "ഞാനോ ഭൂമിയിൽ നിന്നു ഉയിർത്തപ്പെട്ടാൽ എല്ലാവരേയും എങ്കലേക്കു ആകർഷിക്കും" (യോഹന്നാൻ 12:32). പൗലൊസ് എഴുതി, "ക്രിസ്തുവിന്റെ സ്നേഹം ഞങ്ങളെ നിർബന്ധിക്കുന്നു, എല്ലാവർക്കും വേണ്ടി ഒരുവൻ മരി ച്ചിരിക്കെ എല്ലാവരും മരിച്ചു എന്നും ജീവിക്കുന്നവർ ഇനി തങ്ങൾക്കായിട്ടല്ല, തങ്ങൾക്കു വേണ്ടി മരിച്ചു ഉയിർത്തവന്നായിട്ടു തന്നേ ജീവിക്കേണ്ടതിന്നു അവൻ എല്ലാവർക്കും വേണ്ടി മരിച്ചു എന്നും ഞങ്ങൾ നിർണ്ണയിച്ചിരിക്കുന്നു (2 കൊരിന്ത്യർ 5:14, 15).

ക്രിസ്ത്യാനികൾക്കു ദൈവത്തോടും പരസ്പരവും ക്രൂശ് സ്നേഹം *നിറക്കുകയാണ്*. യോഹന്നാൻ എഴുതി, "അവൻ നമ്മെ ആദ്യം സ്നേഹിച്ചതുകൊണ്ടു, നാം സ്നേഹിക്കുന്നു" (1 യോഹന്നാൻ 4:19). ക്രിസ്ത്യാനികൾ ദിനമ്പ്രതി ദൈവത്തിനു തന്റെ ജനത്തോടുള്ള സ്നേഹത്തിൽ ധ്യാനിക്കുമ്പോൾ, അവർ കൂടുതൽ ആഴത്തിൽ അവനെ സ്നേഹിക്കുന്നു. യോഹന്നാൻ പിന്നെയും എഴുതി" തന്റെ പ്രാണനെ വെച്ചു കൊടുക്കേണ്ടതാകു ന്നു" (1 യോഹന്നാൻ 3:16). യേശുവിന്റെ ജീവിതത്തെ പരിശോധി ച്ചാൽ പുതിയതും ഉത്തേജിപ്പിക്കുന്നതുമായ ചിത്രം ലഭിക്കും. ഈ ചിത്രത്തെ ചിന്തിച്ചു ക്രിസ്ത്യാനികൾക്കു യേശുവിനോടുള്ള സ്നേഹം അന്യോന്യം പ്രകടിപ്പിക്കാൻ കഴിയും: "എന്നാൽ മൂടു പടം നീങ്ങിയ മുഖത്ത് കർത്താവിന്റെ തേജസിനെ കണ്ണാടി പോലെ പ്രതിബിംബിക്കുന്നവരായി നാമെല്ലാവരും ആത്മാവെന്ന കർത്താ വിന്റെ ദാനമായി തേജസിന്മേൽ തേജസു പ്രാപിച്ചു അതേ പ്രതിമ യായി രൂപാന്തരപ്പെടുന്നു" (2 കൊരിന്ത്യർ 3:18).

ക്രിസ്ത്യാനികളിൽ പാപത്തോടുള്ള വെറുപ്പും അവജ്ഞയും *ഉള വാക്കുകയാണ്* ക്രൂശ്. തിന്മയുടേയും പാപത്തിന്റെയും യാഗത്തിന്റേയും ശക്തമായ രണ്ടു യോഗ്യതകളാണ് കാൽവരി ക്രൂശും നിത്യനാശ ത്തിന്റെ അഗാധകൃപവും. ക്രൂശിനുള്ള കാരണവും നരകത്തിന്റെ ആവ ശ്യകതയും മനസിലാകാത്തവർ പാപത്തിന്റെ യോഗ്യതയെ വാദിച്ചു

കൊണ്ടിരിക്കും. യെരുശലേമിനു പുറത്തുവെച്ചു ക്രൂശിൽ ദൈവ പുത്രൻ വേദനയോടെ മരിച്ചാണ് വീണ്ടെടുപ്പു സാദ്ധ്യമാക്കിയത് എന്നു ഒരു ദൈവ പൈതലിനു മറക്കാൻ സാദ്ധ്യമല്ല. സർവ്വശക്ത നായ ദൈവത്തിനു അവന്റെ പുത്രന്റെ യാഗം മാത്രമെ വില കൊടു ക്കാൻ കഴിഞ്ഞുള്ളു (മറുവില). ഈ വിലയുള്ള സംഭവമാണ് ബുദ്ധി യുള്ള ഓരോവ്യക്തിയേയും പാപത്തെ വെറുക്കുവാനും ത്യജിക്കു വാനും നിർബന്ധിക്കുന്നത്.

ക്രിസ്തുവിന്റെ ദൗത്യത്തിലേക്കു പൂർണ്ണമായും ക്രിസ്ത്യാനി കളെ ഏൽപിച്ചുകൊടുക്കാൻ ക്രൂശ് ക്രിസ്ത്യാനികളെ *നിർബന്ധി ക്കുന്നു*. ദൈവത്തെ സേവിക്കുന്നതിനും മറ്റുള്ളവരെ സഹായിക്കു ന്നതിനും ക്രിസ്ത്യാനികൾക്കു അതു കാരണവും ശക്തിയും പക രുന്നു. പൗലൊസ് എഴുതി, "യവനന്മാർക്കും ബർബ്ബരന്മാർക്കും ജ്ഞാനികൾക്കും ബുദ്ധിഹീനർക്കും ഞാൻ കടക്കാരൻ ആകുന്നു" (റോമർ 1:14). പൗലൊസു പിന്നെയും പറഞ്ഞു, "എങ്കിലും ഞാൻ ആകുന്നതു ദൈവകൃപയാൽ ആകുന്നു; എന്നോടുള്ള അവന്റെ കൃപ വ്യർത്ഥമായതുമില്ല. അവരെല്ലാവരേക്കാളും ഞാൻ അത്യന്തം അദ്ധ്വാനിച്ചിരിക്കുന്നു, എന്നാൽ ഞാനല്ല, എന്നോടുകൂടെയുള്ള ദൈവകൃപയത്രെ" (1 കൊരിന്ത്യർ 15:10). ദൈവം ക്രൂശിൽ അവനു വേണ്ടി എന്തു ചെയ്തു എന്നു മനസ്സിലാക്കാത്ത ഒരു ക്രിസ്ത്യാ നിക്കും ക്രിസ്തുവിന്റെ വേലയിൽ പ്രചോദിതനാവാൻ കഴിയുക യില്ല.

ക്രിസ്തുവിന്റെ സഭ ശ്രദ്ധയോടെ കർത്താവിന്റെ കൽപനകൾ പ്രമാണിക്കും. അവർ അവന്റെ ഇഷ്ടമനുസരിച്ചു അവന്റെ പദ്ധതി കൾ നിറവേറ്റും. എന്നാൽ അവന്നു അനുസരണമുള്ള ജീവിതം ഭാര മാണെന്ന് അവർ കരുതുകയില്ല, കാരണം അവന്റെ കൃപയുടെ ദൈവ ശ്വാസിയതയും സ്നേഹ പ്രേരണയും അത്ര വലുതാണ്. "അവന്റെ കൽപനകളെ പ്രമാണിക്കുന്നതല്ലോ ദൈവത്തോടുള്ള സ്നേഹം, അവന്റെ കൽപനകൾ ഭാരമുള്ളവയല്ല" (1 യോഹന്നാൻ 5:3).

ക്രിസ്തു നിങ്ങൾക്കു വേണ്ടി ചെയ്തതു ഓർക്കുക, അവൻ നിങ്ങൾക്കു അനുഷ്ഠിച്ച യാഗത്തെ ദിനമ്പ്രതി ഓർക്കുക. അവന്റെ രക്ഷാ ദാനത്തെക്കുറിച്ചുള്ള ശ്രദ്ധേയ ചിന്ത ഓരോ ദിവസവും നിങ്ങളെ അവന്റെ രൂപത്തോട് അനുരൂപരാക്കി, അവന്റെ കൃപ യുടെ രാജ്യത്തിൽ സ്നേഹപ്രയാണം നടത്തുവാൻ നിങ്ങളെ ഉത്തേജിപ്പിക്കും.

## ഉപസംഹാരം

ദൈവത്തിന്റെ രൂപ കല്പനയാൽ, ക്രൂശും സഭയും യോജിച്ചു നിൽക്കുന്നു. സഭ ഉണ്ടാക്കി, ശുദ്ധീകരിക്കയും ക്രൂശിനാൽ അതു പൂർത്തീകരിക്കയും ചെയ്തു.

യേശു ക്രൂശിൽ വേദനയോടെ കിടക്കുമ്പോൾ, താഴെയുള്ള അധാർമ്മിക ജനക്കൂട്ടത്തിൽ നിന്നു പരിഹാസ്യമായ രണ്ടു ചോദ്യങ്ങൾ വന്നലച്ചു "എന്തുകൊണ്ട് അവൻ തന്നെത്താൻ രക്ഷിച്ചില്ല?" എന്നും "ദൈവം എന്തുകൊണ്ട് അവനെ രക്ഷിച്ചില്ല?" എന്നുമാണ് (മത്തായി 27:39-43). അവർ ദൈവത്തിന്റെ അടിസ്ഥാനത്തെ തന്നെയാണ് കുലുക്കാൻ ശ്രമിച്ചത് എന്ന് അവർ അറിഞ്ഞില്ല. യേശു തന്നെത്താൻ രക്ഷിച്ചിരുന്നെങ്കിൽ, ദൈവം അവനെ ക്രൂശിലെ മരണത്തിൽ നിന്നും വിടിവിച്ചുവെങ്കിൽ, സഭ ഉണ്ടാകുക അസാദ്ധ്യം, സഭ എന്നതു ക്രൂശിലെ മരണത്താൽ പാപങ്ങൾ ക്ഷമിച്ചു കിട്ടിയവരും ദിവസേന ക്രൂശിനാൽ ശുദ്ധീകരിക്കപ്പെടുന്നവരുമാണ്. അതിലുപരിയായി, ക്രൂശ് കൂടാതെ, സഭ ആന്തരിക ലക്ഷ്യമില്ലാതാകും, കാരണം സഭയെ ദൈവജനമാക്കുവാനും ദൈവ വഴിയിൽ ദൈവവേല ചെയ്യുന്നതിനും നിർബന്ധിക്കുന്നതു ക്രൂശാണ്.

നിങ്ങൾ ക്രിസ്തുവിന്റെ സഭയ്ക്കു പുറത്താണെങ്കിൽ, അതിൽ പ്രവേശിക്കാൻ പെട്ടെന്ന് ശ്രമിക്കുക, കാരണം സഭയിൽ പ്രവേശിച്ചാലേ നിങ്ങൾക്കു ക്രൂശിന്റെ എല്ലാ ഉപകാരങ്ങളും ലഭിക്കയുള്ളു. സഭ എന്നതു രക്ഷിക്കപ്പെട്ട ആളുകളുടെ കൂട്ടമാണ്, ക്രിസ്തുവിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ട് ദൈവമക്കളായി ജീവിക്കുന്നവരാണ്.

ദൈവത്തിന്റെ ഔദാര്യദാനങ്ങൾ ഈ ലോകത്തിലെ എല്ലാവരും അനുഭവിക്കുന്നുണ്ട്. അവൻ നമുക്കു ശ്വസിക്കാൻ വായുതരുന്നു, കുടിക്കാൻ ജലം തരുന്നു, വസിപ്പാൻ ഭൂമിയും തരുന്നു, ആസ്വദിപ്പാൻ നമുക്കു കുടുംബ ബന്ധവും തരുന്നു, കൂടാതെ അസംഖ്യം മറ്റു ആനുകൂല്യങ്ങളും തരുന്നുണ്ട്. ദൈവത്തിന്റെ ദയയെ എണ്ണുവാൻ പോലും ഒരാൾക്കു കഴിയുന്നില്ല. സംശയരഹിതമായി ക്രിസ്തു മുഖാന്തരം തരുന്ന രക്ഷയാണ് ദൈവത്തിന്റെ പരമോന്നത കൃപ, അതു സ്വീകരിക്കുന്ന പാപികൾക്കു ലഭിക്കുന്നതോ ഏറ്റവും ഉയർന്ന ശമ്പളമാണ്.

ദൈവകരങ്ങളാൽ അനേകം ഭൗതിക അനുഗ്രഹങ്ങൾ പ്രാപിച്ചവരാണ് മിക്കപേരും (റോമർ 10:10), പാപങ്ങളിൽ നിന്നു മാനസാന്തരപ്പെട്ട് (പ്രവൃത്തികൾ 11:18), ക്രിസ്തു ദൈവപുത്രനെന്നു ഏറ്റു പറഞ്ഞു (റോമർ 10:10), പാപങ്ങളിൽ നിന്നു മാനസാന്തര

പ്പെട്ട് (പ്രവൃത്തികൾ 11:18), ക്രിസ്തുവിനോടു ചേരുവാൻ സ്നാനമേൽക്കയും ചെയ്യുക (ഗലാത്യർ 3:27), അപ്പോൾ നിങ്ങൾ ക്രിസ്തുവിന്റെ ശരീരത്തോട് ചേർക്കപ്പെടും (1 കൊരിന്ത്യർ 12:13), അവിടെയാണ് ദൈവ കൃപ, നിത്യ ജീവൻ പ്രമാണിക്കുന്നതും അവിടെയാണ്. പൗലൊസ് പറഞ്ഞു, "അല്ല, യേശുക്രിസ്തുവിനോടു ചേരുവാൻ സ്നാനം ഏറ്റവരായ നാം എല്ലാവരും അവന്റെ മരണത്തിൽ പങ്കാളികളാകുവാൻ സ്നാനം ഏറ്റിരിക്കുന്നു എന്നു നിങ്ങൾ അറിയുന്നില്ലയോ?" (റോമർ 6:3), "അവനിൽ നമുക്കു അവന്റെ രക്തത്താൽ അതിക്രമങ്ങളുടെ മോചനമെന്ന വീണ്ടെടുപ്പുണ്ട്" (എഫെസ്യർ 1:7, 8).

തന്റെ ക്രൂശ് മുഖാന്തരം, യേശു, പാപമോചനവും ജീവനും പുറപ്പെടുന്ന അവന്റെ ശരീരമായ, സഭയിലേക്കു പ്രവേശിക്കുവാൻ അവൻ നിങ്ങളെ ക്ഷണിക്കുന്നു. നിങ്ങൾ ആ ക്ഷണം സ്വീകരിക്കുന്നുവോ?

## പഠനചോദ്യങ്ങൾ

*(അനുബന്ധങ്ങൾ 1 ലെ ഉത്തരങ്ങൾ)*

1. ബൈബിൾ സംഭവത്തിലെ ഹൃദയഭാഗം എന്ത്?
2. മറ്റുമതങ്ങൾക്കില്ലാത്ത എന്താണ് ക്രിസ്ത്യാനിത്വത്തിന്റെ കേന്ദ്രം?
3. സഭയില്ലാതെ ക്രിസ്ത്യാനിത്വം ഉണ്ടാകാൻ സാദ്ധ്യമല്ല വിവരിക്കുക?
4. എന്തെല്ലാം മൂന്നു കാര്യങ്ങളാണ് ക്രൂശ് സഭയ്ക്ക് വേണ്ടി ചെയ്യുന്നത്?
5. അനേകർ ദൈവത്തിന്റെ ഭൗതിക അനുഗ്രഹങ്ങൾ അനുഭവിക്കുന്നവരാണ്. പക്ഷെ രക്ഷാ ദാനം ലഭിച്ചിട്ടില്ല. നിങ്ങൾക്കു എങ്ങനെ ക്രിസ്തുവിന്റെ ശരീരത്തിൽ പ്രവേശിക്കാം?
6. യേശു തന്റെ ക്രൂശ് മുഖാന്തരം, ഏതെല്ലാം രണ്ട് അനുഗ്രഹങ്ങൾക്കാണ് നിങ്ങളെ ക്ഷണിക്കുന്നത്?
7. ആളുകൾ യേശുവിന്റെ അടുക്കൽ പാപമോചനവും ജീവനും സ്വീകരിച്ചപ്പോഴാണ് സഭ ഉണ്ടായത്. ഈ ശരീരത്തെ എന്തു വിളിച്ചിരിക്കുന്നു?

## വാക്ക് സഹായങ്ങൾ

**സഭയുടെ തല** – യേശു ക്രിസ്തു (എഫെസ്യർ 1:22, 23).

**വിലെയ്ക്കുവാങ്ങി** – മടക്കി വാങ്ങി. ക്രിസ്ത്യാനികൾ "ക്രിസ്തുവിന്റെ രക്തത്താൽ വിലയ്ക്കു വാങ്ങിയവരാണ്" എന്നു പറയുമ്പോൾ യേശു നമ്മുടെ പാപങ്ങൾക്കായി ക്രൂശിൽ മരിച്ചു എന്നതാണ് സൂചന.

**തിരപ്പു** – വീണ്ടും ഒരുമിച്ചു ചേർക്കുക; മുറിഞ്ഞ ബന്ധം യോജിപ്പിക്കുക.

യേശു ക്രിസ്തു മുഖാന്തരം നാം ദൈവത്തോട് നിരപ്പ് പ്രാപിക്കുന്നു,

**ശുദ്ധീകരണം** – ദൈവത്തിന്റ് പ്രത്യേക ഉദ്ദേശത്തിനായി വേർപെട്ട് ഇരിക്കൽ.

**രൂപാന്തരപ്പെട്ടു** – മാറി യേശുവിന്റെ രൂപമെന്ന പുതിയ സ്വഭാവത്തിലേക്കു മാറേണ്ടവരാണ് ക്രിസ്ത്യാനികൾ. റോമർ 12:2 പറയുന്നു, "ഈ ലോകത്തിനു അനുരൂപമാകാതെ നന്മയും പ്രസാദവും പൂർണ്ണതയുമുള്ള ദൈവഹിതം ഇന്നതെന്നു തിരിച്ചറിയേണ്ടതിനു മനസ്സു പുതുക്കി രൂപാന്തരപ്പെടുവിൻ."

---

കുറിപ്പുകൾ

[1]ഹെൻറി സി.തെസ്സൻ, *ലെക്ചേർസ് ഇൻ സിസ്റ്റമാറ്റിക് തിയോളജി* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി.ഏർഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി, 1949), 313. [2]ആർ.എ. റ്റോറി, വാട്ട് ദ ബൈബിൾ റ്റീച്ചസ് (ന്യൂയോർക്ക്: ഫ്ലെമിങ്ങ് എച്ച്.റിവെൽ കമ്പനി, 1898), 144.